"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - ശ്രീ.അഖിൽ പി. എസ്., അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3336/2024/HOME തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- 1. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 06/09/2024-ലെ ഇ5-25115/2024/പി.ആർ.എച്ച്.ക്യു നമ്പർ നടപടിക്രമം.

2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 07.09.2024-ലെ ഇ5-25115/2024/പി.ആർ.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.അഖിൽ പി. എസ്., കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ 16/10/2020 - ലെ നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ 12/11/2020 - ലെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 23/11/2020 തീയതിയിൽ ജയിൽവകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് . ടി കാലയളവിൽ ടിയാൻ ഡ്യൂട്ടിക്കിടെ തടവുകാരന്റെ ആക്രമണത്തിൽ പരിക്കേറ്റതിനെ തുടർന്ന് KSR Part I Rule 103 പ്രകാരം (31.03.2021 മുതൽ 30.04.2021 വരെ) 31 ദിവസത്തെ ഹോസ്പിറ്റൽ അവധി എടുത്തിട്ടുണ്ട്. ആയതിനാൽ ടിയാൻ 2 വർഷത്തെ യഥാർത്ഥ സർവ്വീസ് പൂർത്തിയാക്കിയത് 23/12/2022 ലാണ്. ടിയാൻ, പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ നിലവിൽ പാസായിട്ടുണ്ട്.

2) ശ്രീ.അഖിൽ പി. എസ്. അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതിയും ടി നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതിയും 24/05/2024 ആണെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് 24/12/2022 മുതൽ 23/12/2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി ടിയാന്റെ പ്രൊബേഷൻ കാലയളവ് 24/12/2023 മുതൽ 26/05/2024 ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ പരാമർശം (2) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ.അഖിൽ പി. എസ്. - ന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്കു സാധിക്കുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് 24/12/2023 മുതൽ

26/05/2024 വരെ, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARUN R B
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.അഖിൽ പി. എസ്. (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ്
സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jijimon R
Date: 14-11-2024 10:47:32
സെക്ഷൻ ഓഫീസർ